**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **12-12-2022 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തെ സമ്പൂർണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഉപഭോക്തൃ സംരക്ഷണത്തിൽ കേരളത്തെ ഒരു ഉത്തമ മാതൃകയായി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. കേരളത്തെ ഉപഭോക്തൃ ശാക്തീകരണ കാര്യത്തിൽ ലോകത്തിനു മാതൃകയാക്കാൻ തക്കവിധമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. പുതിയ ദേശീയ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചും, ഉപഭോക്തൃ സംരക്ഷണത്തിന് കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കിയും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ അവബോധമുണ്ടാക്കിയും, അധാർമിക കച്ചവട രീതികൾ നിരുത്സാഹപ്പെടുത്തിയും, മായം ചേർക്കൽ, അളവ്തൂക്ക വെട്ടിപ്പുകൾ എന്നിവ തടയാൻ കർശന നടപടികൾ സ്വീകരിച്ചും, ഉപഭോക്താക്കൾക്ക് അവശ്യസാധനങ്ങളും സേവനങ്ങളും ഉറപ്പാക്കിയും കേരളത്തെ ഒരു സമ്പൂർണ്ണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമായി മാറ്റുവാൻ സംസ്ഥാന സർക്കാർ പ്രവർത്തിച്ചു വരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനൊപ്പം ഉപഭോക്താക്കളെ അവരുടെ കടമകളെക്കുറിച്ച് ഓർമിപ്പിക്കുകയും വേണം. സുസ്ഥിര ഉപഭോഗ മാതൃകകൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി ഒരു പരിസ്ഥിതി സൗഹൃദ ഉപഭോഗ സംസ്കാരം വളർത്തിയെടുക്കുക എന്നതും സർക്കാർ ലക്ഷ്യമിടുന്നു. |
| (ബി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് കീഴിൽ വരുന്ന മീഡിയേഷൻ കേന്ദ്രങ്ങളും സൗജന്യ ഉപഭോക്തൃ നിയമസഹായ കേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ മീഡിയേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും, 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും സൗജന്യ നിയമസഹായ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് കീഴിലെ സൗജന്യ നിയമ സഹായ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും, 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും പ്രവർത്തിക്കുന്ന ഉപഭോക്തൃ നിയമ സഹായ കേന്ദ്രങ്ങൾ വഴി ഉപഭോക്താക്കൾക്ക് സൗജന്യ നിയമസഹായവും കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി അഭിഭാഷകരുടെ സേവനവും ലഭ്യമാക്കി വരുന്നുണ്ട്. |
| (ഡി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്കുള്ള പരാതികൾ ഓൺലൈനായി ഫയൽ ചെയ്യാനുള്ള ഇ-ഡാകിൽ സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ഇ-ഡാകിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരാതികൾ ഉപഭോക്താക്കളിൽ നിന്നും ഇ-ഡാകിൽ മുഖേന സ്വീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ